**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1487** | | **11.08.2017-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **സംസ്ഥാനം മാലിന്യ രഹിതമാക്കുന്നതിനായുള്ള പദ്ധതികൾ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.എം.സ്വരാജ്** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്തെ മാലിന്യ രഹിതമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതു എന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ നഗര/ഗ്രാമങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി 2017-18 വാർഷിക പദ്ധതി രൂപീകരണ നടപടികളുടെ ഭാഗമായി ത്രിതല പഞ്ചായത്തുകളിൽ 29.03.2017-ലെ സ.ഉ(എം.എസ്) നം.72/2017/തസ്വഭവ മുഖേനയും നഗരസഭകളിൽ 03.04.2017-ലെ സ.ഉ(എം.എസ്)നം.79/2017/തസ്വഭവ ഉത്തരവ് മുഖേനയും അതുപോലെ ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>(1) എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാൻറ്), രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കപ്പെടുകയും അതിനായി ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.<br>(2) സ്ഥല പരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക.<br>(3) സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമുഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാൻറ് എന്നീ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.<br>(4) നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാൻറുകളുടെ അറ്റകുറ്റപണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.<br>(5) വീടുകളിൽ നിന്നും സ്ഥാപങ്ങളിൽ നിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി |

| | | | |
|---|---|---|---|
| | | | സെൻറർ സ്ഥാപിക്കുക അജൈവ മാലിന്യ പുന:ചംക്രമണ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.<br>(6) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്ലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.<br>(7) മാലിന്യ പരിപാലനത്തിന് സഹായിക്കുന്ന സംരംഭക ഗ്രൂപ്പുകൾ, ഹരിത കർമസേന തുടങ്ങിയവയെ അംഗീകരിച്ച് ചുമതലപ്പെടുത്തുക. സാമ്പത്തികമായി പ്രായോഗികക്ഷമതയോടെ പ്രവർത്തിക്കുന്നതിന് 6 മാസക്കാലത്തേയ്ക്ക് വ്യക്തമായ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറിന്റെ അടിസ്ഥാനത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുക.<br>(8) ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.<br>(9) സ്ഥിരമായി നിലനിൽക്കുന്ന സ്വാപ്ഷോപ്പുകൾ സ്ഥാപിക്കുക.<br>(10) ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.<br>(11) റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും.<br>(12) റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക. |
| (ബി) | ഇതിലേക്കായി സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുമോ; | (ബി) | സമഗ്ര മാലിന്യ പരിപാലന പദ്ധതി രൂപീകരിക്കുന്നതിനുവേണ്ടി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പ്രത്യേക ക്യാമ്പയിനാണ് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം. ആഗസ്റ്റ് 15 ന്റെ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾക്കുശേഷം ബഹു. മന്ത്രിമാർ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപനം നടത്തുന്നതും തുടർന്ന് എല്ലാ തദ്ദേശ സ്വയംഭരണ വാർഡുകളിലും ജനങ്ങൾ സ്വയംസമർപ്പണത്തോടെ നടത്തുന്ന പ്രഖ്യാപനങ്ങളും ഉണ്ടാകും. ഇതിനു മുന്നോടിയായി 2017 ആഗസ്റ്റ് 6 മുതൽ ആഗസ്റ്റ് 13 വരെ സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ച് ഗൃഹസന്ദർശനവും നിലവിലെ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥാനിർണ്ണയ പഠനം |

| | | | |
|---|---|---|---|
| | | | നടത്തുകയും ചെയ്യുന്നതാണ്. ഓരോ വീട്ടിലും സ്ഥാപനത്തിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കപ്പെടുമെന്നതു സംബന്ധിച്ചും അനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് പരിചയപ്പെടുത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം ക്യാമ്പയിൻ നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതികളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ജന പങ്കാളിത്തം ഉറപ്പാക്കിയാണ് മാലിന്യ നിർമാർജ്ജനം ഉപമിഷനായിട്ടുള്ള ഹരിതകേരളം പദ്ധതി നടപ്പിലാക്കുന്നത് |

സെക്ഷൻ ഓഫീസർ